# ഖബർ പൂജക്കെതിരെ ജലാലുദ്ദീനുസ്സുയൂത്വി

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

സമസ്തക്കാർ തങ്ങളുടെ വലിയ ഖോജയായി പരിചയപ്പെടുത്തുന്ന സുയൂഥി പോലും ക്വബ്റാരാധനയുടെ കാര്യത്തിൽ ക്വുബൂരികളുടെ കൂടെ ഇല്ലെന്നതാണ് വാസ്തവം. അല്ലെങ്കിലും ആ ഒരു കാര്യത്തിൽ അവർക്ക് 14 നൂറ്റാണ്ടിനിടക്ക് എടുത്ത് കാണിക്കാവുന്ന ഒരു പണ്ഡിതൻ പോലും മാതൃകയായിട്ടില്ല എന്നത് അവർക്കറിയാവുന്നതാണല്ലോ? എന്തിനേറെ, ഒരുവിധം ഖുറാഫാത്തുകൾക്കൊക്കെ തെളിവുണ്ടാക്കികൊടുക്കുന്ന ഇബ്നു ഹജറുൽ ഹൈതമി പോലും ഇക്കാര്യത്തിൽ മുജാഹിദുകളുടെ മുൻനിരയിലാണുള്ളത്. വൻ പാപങ്ങൾ വിശദീകരിക്കാൻ അദ്ദേഹം രചിച്ച സവാജിർ എന്ന ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ വാചകങ്ങൾ ശ്രദ്ധിക്കൂ.

الكبيرة الثالثة والرابعة والخامسة والسادسة والسابعة
والثامنة والتسعون اتخاذ القبور مساجد وايقاد السرج
عليها واتخاذها اوثانا والطواف بها واستلامها والصلاة اليها

''93 മുതൽ 99 വരെയുള്ള വൻപാപങ്ങൾ ക്വബ്റുകൾ ആരാധനാലയ കേന്ദ്രങ്ങളാക്കൽ, അതിന്മേൽ വിളക്ക് കത്തിക്കൽ, അവയെ വിഗ്രഹങ്ങളാക്കൽ, അവയെ പ്രദക്ഷിണം ചെയ്യൽ, അവയെ തൊട്ടുമുത്തൽ, അതിലേക്ക് തിരിഞ്ഞ് നിസ്കരിക്കൽ എന്നിവയാണ്'' *(സവാജിർ 11/120)*

പിന്നീട് ഇതുമായി ബന്ധപ്പെട്ട ധാരാളം ഹദീസുകൾ ഉദ്ധരിച്ച ശേഷം അദ്ദേഹം പറയുന്ന മർമ്മപ്രധാനമായ ഭാഗം ഇങ്ങിനെ സംഗ്രഹിക്കാം.

ووجه اتخاذ القبر مسجدا منها واضح لأنه لعن من فعل
ذلك بقبور أنبيائه وجعل من فعل ذلك بقبور صلحائه شر
الخلق عند الله تعالى يوم القيامة ففيه تحذير لنا كما في رواية
"يحذر ما صنعوا" اي يحذر أمته بقوله لهم ذلك من ان
يصنعوا كصنع اولئك فيلعنوا كما لعنوا........... فان
أعظم المحرمات وأسباب الشرك الصلاة عندها واتخاذها
مساجد او بناؤها عليهاوالقول بالكراهة محمول على غير
ذلك اذ لا يظن با لعلماءتجويز فعل تواتر عن النبي ﷺ لعن
فاعله ويجب المبادرة لهدمها وهدم القباب التي على القبور

اذ هي أضر من مسجد الضرار لأنها أسست على معصية

رسول الله ﷺ لانه نهى عن ذلك وأمر رسول الله ﷺ

بهدم القبور المشرفة وتجب ازالة كل قنديل او سراج على

قبر ولا يصح وقفه ولا نذره.

(الزواجر عن اقتراف الكبائر ١/١١١)

ചുരുക്ക ആശയം: പ്രവാചകൻമാരുടെ ഖബ്റുകൾ ആരാധനാകേന്ദ്രങ്ങളാക്കിയവർ ശപിക്കപ്പെടുകയും മഹാന്മാരുടെ ഖബ്റുകൾ അപ്രകാരം ചെയ്തവർ അന്ത്യനാളിൽ ഏറ്റവും ദുഷിച്ചവർ ആണെന്ന് പറയുകയുമൊക്കെ ചെയ്തത്, ഈ സമുദായം അപ്രകാരം ചെയ്യാതിരിക്കുവാനും അതുവഴി അവർ ശപിക്കപ്പെടാതിരിക്കാനുമുള്ള താക്കീതാണ്. അമ്പിയാ-ഔലിയാക്കളുടെ ഖബ്റുകളോടുള്ള ആദരവിനാലും ബർകത്തിനാലും അവയിലേക്ക് തിരിഞ്ഞ് നിസ്കരിക്കൽ ഹറാമാണെന്ന് നമ്മുടെ പണ്ഡിതന്മാർ പറയാൻ കാരണമിതാണ്. അത് വൻ പാപമാണെന്ന് മേൽപറയപ്പെട്ട ഹദീസുകളിൽ നിന്ന് വ്യക്തമാണ്......... ഹറാമുകളിൽ ഏറ്റവും ഗൗരവമേറിയതും ശിർക്കിന്റെ കാരണങ്ങളിൽ പെട്ടതുമാണ് ഖബ്റിന് സമീപം ഇരിക്കലും അതിനെ ആരാധനാകേന്ദ്രമാക്കലും അതിനെ കെട്ടിയുണ്ടാക്കലും. കറാഹത്താണ് എന്ന് പലരും അഭിപ്രായപ്പെട്ടത് മറ്റു അർത്ഥങ്ങളിലാണ് എന്ന് മനസ്സിലാക്കണം. കാരണം ശപിക്കപ്പെട്ടതായി നബി(സ)യിൽ നിന്ന് വളരെ വ്യക്തമായി (മുതവാതിറായി) സ്ഥിരപ്പെട്ടകാര്യം പണ്ഡിതന്മാർ അനുവദനീയമാക്കുമെന്ന് വിചാരിക്കപ്പെടാവതല്ല. അത്തരം കേന്ദ്രങ്ങളും അത് പോലെ ഖബ്റിന് മീതെയുള്ള ഖുബ്ബകളുമെല്ലാം പൊളിക്കാൻ ധൃതികാണിക്കൽ നിർബന്ധമാണ്. കാരണം അവ (മുനാഫിഖുകൾ നിർമ്മിച്ച) മസ്ജിദുള്ളിറാറിനേക്കാൾ അപകടകാരികളാണ്. നബി(സ)ക്ക് എതിരായിട്ടാണല്ലോ അവ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. നബി(സ) അവ വിരോധിക്കുകയും ഉയർത്തപ്പെട്ട ഖബ്റുകൾ പൊളിക്കാൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്. ഖബ്റിന് മീതെയുള്ള മുഴുവൻ വിളക്കുകളും നീക്കൽ നിർബന്ധവുമാണ്. അവയൊക്കെ നേർച്ചയാക്കുകയോ, വഖഫ് ചെയ്യുകയോ, ചെയ്താൽ അത് സ്വഹീയാവുകയുമില്ല. *(സവാജിർ 1/120)*

ഇബ്നു ഹജറുൽ ഹൈതമിയുടെ ഈ വാക്കുകൾ തന്നെ ക്വുബൂരികളുടെ അടിവേരറുക്കുന്നതാണ്. എന്നാൽ ഹൈതമിയേക്കാൾ മുൻഗാമിയായവരും ജലാലൈനി തഫ്സീറിന്റെ രചയിതാക്കളിൽ ഒരാളുമായ ജലാലുദ്ധീൻ സുയൂഥിയുടെ വാക്കുകൾ ക്വുബൂരികളെ ഒന്നാകെ തൂത്തെറിയുന്ന രൂപത്തിലാണ്.

അദ്ദേഹം തന്റെ അൽ അംറു ബിൽ ഇത്തിബാഅ്... എന്ന ഗ്രന്ഥത്തിൽ ക്വുബൂരികളെയും അവരുടെ ഖബ്റാരാധനയെയും കുറിച്ച് പറയാൻ പന്ത്രണ്ട് പേജുകളാണ് നീക്കിവെച്ചത്. അതിൽ പ്രവാചകന്മാരുടെ ഖബ്റുകൾ മുതൽ നാട്ടിവെച്ച കല്ലുകളും മരങ്ങളും അടക്കമുള്ള മുഴുവൻ ക്വുബൂരി ആരാധ്യന്മാരെയും അദ്ദേഹം പരാമർശിക്കുന്നു. അവയുടെയെല്ലാം പിന്നാലെ എണ്ണയും തിരിയും മെഴുകും തുണിയുമായി ഓടി അവക്കുമീതെ കമിഴ്ന്നടിച്ചുവീഴുന്ന ക്വുബൂരികളെ മുശ്രിക്കുകളായും ജൂത ക്രൈസ്തവരായും ഒരു വേള വിഗ്രഹാരാധകരായി പോലും അദ്ദേഹം പരിചയപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ വാചകങ്ങൾ മുഴുവനായും ഇവിടെ പകർത്താനാണ് ആഗ്രഹം. ലേഖന ദൈർഘ്യം ഭയപ്പെടുന്നതിനാൽ ഏറ്റവും പ്രസക്ത ഭാഗങ്ങൾ മാത്രം കൊടുക്കട്ടെ.

‘‘പല നാടുകളിലും കാണപ്പെടുന്ന ഒരു ബിദ്അത്താണ് ചില പ്രത്യേകസ്ഥലങ്ങളിൽ ചുമരുകൾ, മരങ്ങൾ, അരുവികൾ, തൂണുകൾ തുടങ്ങിയവ വിളക്കുകൾ കത്തിച്ചും പനിനീരും കുങ്കുമവും പൂശിയും മറ്റുമായി ആദരിക്കപ്പെടുന്നു. അവിടേക്ക് നേർച്ച നേർന്നാൽ രോഗ ശമനം ലഭിക്കു

മെന്നും ആവശ്യങ്ങൾ നിറവേറ്റപ്പെടുമെന്നും ഒക്കെ ധരിക്കുകയുംചെയ്യുന്നു. ഹദീസിൽ വന്ന ദാതു അൻവാത്വിനോട് തുല്യമാകുന്നിതാണെല്ലാം.''

ശേഷം അദ്ദേഹം ആ ഹദീസ് പൂർണ്ണമായും ഉദ്ധരിക്കുന്നു. ഇമാം തുർമുദി, അഹ്മദ്(റ) തുടങ്ങിയവർ ഉദ്ധരിച്ച പ്രസ്തുത സംഭവം പ്രസിദ്ധമായതിനാൽ ഇവിടെ കൊടുക്കുന്നില്ല. ഇത്തരം ആദരിക്കപ്പെടുന്ന സ്ഥലങ്ങൾ എവിടെയെല്ലാം ഉണ്ടോ അതെല്ലാം ദാതു അൻവാത് ആണെന്നും അതെല്ലാം മുറിച്ച് കളയുകയോ പിഴുതെറിയുകയോ ചെയ്യണമെന്നും ഇമാം ത്വർതൂശി പറഞ്ഞിട്ടുള്ളത് സുയൂഥി എടുത്തുദ്ധരിക്കുകയും ചെയ്യുന്നു.

അദ്ദേഹം തുടരുന്നു ''ഈ ചെയ്തികൾ വിഗ്രഹാരാധനയോട് സാദൃശ്യമുള്ളതും അതിലേക്ക് എത്തിക്കുന്നതുമാണ് എന്നല്ല ഒരു തരം വിഗ്രഹാരാധന തന്നെയാണ്. കാരണം വിഗ്രഹാരാധകർ ഒരു പ്രത്യേക സ്ഥലത്ത് രൂപമുണ്ടാക്കിയോ അല്ലാതെയോ പുണ്യം കൽപിച്ചുകൊണ്ട് അവിടേക്ക് ലക്ഷ്യം വെക്കലാണ് പതിവ്. എന്നാൽ ഇസ്‌ലാം അത് നിയമമാക്കിയിട്ടില്ല. അതെല്ലാം വിലക്കപ്പെട്ട കാര്യങ്ങളുമാണ്. അത്തരം സ്ഥലങ്ങളിൽ നമസ്കാരമോ പ്രാർത്ഥനയോ ക്വുർആൻ പാരയണമോ ദിക്റോ അറവോ മറ്റേതെങ്കിലും ആരാധനകളോ ഉദ്ദേശിച്ചാണ് പോകുന്നതെങ്കിലും ശരി .

(وسواء قصدها ليصلي عندها او ليدعو اوليقرء اوليذكر

الله او ليذبح عندها ذبيحة او يخصها بنوع من العبادات)

അദ്ദേഹം തുടരുന്നു: അതിനേക്കാൾ നീചമായതാണ് അത്തരം സ്ഥലങ്ങളിൽ വെളിച്ചമുണ്ടാക്കാനായി എണ്ണയോ മെഴുകോ നേർച്ച നേരുന്നത്. ചില വഴിപിഴച്ചവർ പറയുന്നു അവ നേർച്ച സ്വീകരിക്കുമെന്ന്. ക്വബ്റുകൾക്ക് നേർച്ച നേരുന്നതും അത് പോലെതന്നെ. അത് ഏത് ക്വബ്റാണെങ്കിലും ശരി. ഇത്തരം നേർച്ചകളെല്ലാം തെറ്റായ നേർച്ചയാണെന്ന് പണ്ഡിതൻമാർ ഏകോപിച്ചിട്ടുണ്ട്. ആ നേർച്ച വീട്ടൽ അനുവദിനീയമല്ല. എന്ന് മാത്രമല്ല അങ്ങിനെ നേർന്നതിന് പ്രായശ്ചിത്തം ചെയ്യണമെന്നാണ് ഇമാം അഹ്മദും മറ്റു ധാരാളം പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളത്.

മത്സ്യങ്ങൾ, കിണറുകൾ, അരുവികൾ എന്നിവക്ക് പത്തിരിയും മറ്റും നേർച്ചയാക്കുന്നതും അത് പോലെതന്നെയാണ്.

ഇത്തരം കേന്ദ്രങ്ങളുടെ അടുത്തും ക്വബ്റുകളുടെ സമീപവും ചുറ്റിപ്പറ്റി കൂടുന്ന ഖദ്ദാമികളായ ആളുകൾക്ക് ആട്, ഒട്ടകം, പശു, സ്വർണ്ണം, തുടങ്ങിയ ഏത് വസ്തുവും നേർച്ചയാക്കുന്നതും ഇത് പോലെതന്നെയാണ്. ഇത് വിഗ്രഹസേവകർക്ക് നേർച്ചയാക്കുന്നതിന് സമമാണ്.

(وكذلك اذا نذر خبزا وغيره للحيتان اولعين او لبئر

وكذلك اذا نذر مالاما دراهم أو ذهبا او بقرا أو جبلا

او معزا للمجاورين عند القبور او عند هذه الأماكن

المنذور لها ويسمون السدنة أيضا نذر معصية فهذا وفيه

شبهة من النذر لسدنة الأصنام)

അദ്ദേഹം തുടരുന്നു: ഇത്തരം സ്ഥലങ്ങളിൽ പലതും നബിയുടെയോ, വലിയ്യിന്റെയോ ക്വബ്റാണെന്നും മഖാമാണെന്നുമൊക്കെ വിചാരിക്കപ്പെടുന്നതാണ്. യഥാർത്ഥത്തിൽ അതായിരിക്കില്ല താനും. ഇത്തരം ധാരാളം കേന്ദ്രങ്ങൾ ഡമാസ്കസിലുണ്ട്. ഉബയ്യ്ബ്നു കഅബിന്റെ ഖബറാണെന്നും ഹൂദ് നബിയുടെ ഖബ്റാണെന്നുമൊക്കെ പറയപ്പെടുന്ന കേന്ദ്രങ്ങൾ അവിടെയുമുണ്ട്. എന്നാൽ ഹൂദ് നബി(അ) മരിച്ചത് യമനിലോ മക്കയിലോ ആണ്. ഉബയ്യ്ബ്നുകഅ്ബാകട്ടെ മദീനയിലുമാണ് വഫാത്തായത്. അത് പോലെ ഹെബ്രോൺ കവാടത്തിങ്കൽ അഹ്ലുബൈത്തിൽ പെട്ട പലരുടെയും ക്വബ്റാണെന്ന് പറയപ്പെടുന്ന സ്ഥലങ്ങളുണ്ട്. അത് ശരിയല്ല. സുലൈമാൻ നബി(അ)യോ ദുൽ ഖർനൈനിയോ മറ്റോ നിർമ്മിച്ച ഒരു പുരാതന കവാടമാണത്. അത് അഹ്ലുബൈതിന്റെ ക്വബ്റാണെന്ന് വിശ്വാസയോഗ്യരല്ലാത്ത ചിലർ ഹിജറ 636–ൽ സ്വപ്നം കണ്ടു എന്ന് പലരും പറഞ്ഞ് പ്രചരിപ്പിച്ചതാണ്. ഉവൈസുൽ ഖർനൈനിയുടെ പള്ളി എന്നറിയപ്പെടുന്ന ഒരു പള്ളി ജാബിയ കവാടത്തിന് പുറത്തുണ്ട്. എന്നാൽ ഉവൈസ്(റ) ഡമസ്കസിലാണ് മരിച്ചതെന്ന് ഒരാളും അഭിപ്രായപ്പെട്ടിട്ടില്ല. ബാബുസ്സഗീറിൽ ഉമ്മുസൽമ(റ)യുടെ ക്വബ്ർ എന്ന് പറയപ്പെടുന്ന ഒന്നുണ്ട്. എന്നാൽ അവർ മരണപ്പെട്ടത് മദീനയിലാണെന്ന കാര്യത്തിൽ അഭിപ്രായവിത്യാസം പോലുമില്ല.

അത് പോലെ ഈജിപ്തിലെ കെയ്റോവിൽ ഹുസൈൻ(റ)വിന്റെ തല മറവ് ചെയ്യപ്പെട്ടുവെന്ന് പറയപ്പെടുന്ന ക്വബ്റുണ്ട്. എന്നാൽ പണ്ഡിതൻമാരിൽ ഒരാൾക്ക് പോലും അഭിപ്രായവിത്യാസമില്ല. അദ്ദേഹത്തിന്റെ തല അസ്കലാനിലാണ് എന്നതിൽ. ഇത് പോലെ അറിയപ്പെട്ട പലരുടെയും പേരിൽ പല ക്വബ്റുകളുമുണ്ട്. അവയൊന്നും അവരുടേതല്ല എന്ന് പ്രസിദ്ധവുമാണ്. ഈ സ്ഥലങ്ങൾക്കൊന്നും യാതൊരു സവിശേഷതയുമില്ല. അത് പോലെ നബി(സ)യുടെ ശേഷിപ്പുകൾ ഉണ്ട് എന്ന് പറയപ്പെടുന്ന സ്ഥലങ്ങളും ഇത് പോലെതന്നെയാണ്. ബൈതുൽ മുഖദ്ദസിലെ ഒരു പാറക്കല്ലിൽ നബി(സ) ചവിട്ടിയ അടയാളമുണ്ടെന്ന് ചില ജാഹിലീങ്ങൾ പറയുന്നു. ഡമാസ്കസിലെ ഒരു പള്ളിയിൽ മൂസ നബി(അ)യുടെ പാദസ്പശനമേറ്റതെന്ന് പ്രചരിപ്പിക്കപ്പെടുന്ന ഒരു സ്ഥലമുണ്ട്. ഇതെല്ലാം അടിസ്ഥാനമില്ലാത്ത കളവുകളാണ്. മൂസ നബി(അ) ഡമാസ്കസിലോ പരിസരങ്ങളിലോ വന്നിട്ടേ ഇല്ല. ഇത്തരം ധാരാളം സ്ഥലങ്ങൾ അധിക നാടുകളിലുമുണ്ട്. ഈ സ്ഥലങ്ങൾക്കൊന്നും യാതൊരു സവിശേഷതയുമില്ല. അല്ലാഹുവും റസൂലും ബഹുമാനിക്കാത്ത ഒരു സ്ഥലം ആദരിക്കപ്പെടുന്നുവെങ്കിൽ അത് ഏറ്റവും നീചമായ സ്ഥലമാണ്. ഇതൊക്കെ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും അവനിൽ പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്ന ദൈവിക മാർഗ്ഗത്തിൽ നിന്ന് ജനങ്ങളെ തടയാനുള്ളതാണ്. ഇത്തരം സ്ഥലങ്ങളിൽ വെച്ച് പ്രാർത്ഥിച്ചപ്പോൾ ഉത്തരം കിട്ടിയെന്നും അവിടേക്ക് നേർന്നപ്പോൾ ആവശ്യങ്ങൾ നിറവേറിയെന്നുമൊക്കെയുള്ള പല കഥകളും പ്രചരിപ്പിക്കാറുണ്ട്. ഇങ്ങിനെതന്നെയാണ് വിഗ്രഹാരാധന ഉടലെടുക്കുന്നത്. ഭൂമിയിൽ ആദ്യമായി ശിർക്ക് വന്നതും ഇത്തരം പ്രചാരണങ്ങളിലൂടെയാണ്.

നമ്മുടെ നാടുകളിലുള്ള ക്വബൂരികൾ പലരും പറയുന്നതാണല്ലോ, അവിടെയെല്ലാം പോയി പ്രാർത്ഥിച്ചിട്ട് ഉത്തരം കിട്ടുന്നുണ്ടല്ലോയെന്ന്. അതിന് സുയൂഥി(റ) മറുപടി പറയുന്നു.

وأما اجابة الدعاء هناك فقد يكون سببه اضطرار الداعي
وقد يكون سببه مجرد رحمة الله له وقد يكون سببه امرا
قضاه الله عزوجل لا لأجل دعائه وقد يكون له أسباب
أخرى وان كانت فتنة في حق الداعي وقد كان الكفار
يدعون فيستجاب لهم فيسقون وينصرون ويعافون مع
دعائهم عند اوثانهم وتوسلهم بها وقد قال تعالى (كلا نمد

(هؤلاء وهؤلاء من عطاء ربك وما كان عطاء ربك محظورا)

ആശയം: അവിടെ വെച്ചുള്ള പ്രാർത്ഥനക്ക് ഉത്തരം ലഭിക്കപ്പെടുന്നത് ഒരുപക്ഷേ പ്രതിസന്ധി ഘട്ട ത്തിലുള്ള പ്രാർത്ഥനയായതിനാലോ കേവലം ഒരു അനുഗ്രഹമായിട്ടോ അതുമല്ലെങ്കിൽ തമ്പു രാന്റെ മുൻകൂട്ടിയുള്ള തീരുമാനപ്രകാരമോ ആകാം. പ്രാർത്ഥനയുടെ ഫലമായിത്തന്നെയാവണ മെന്നില്ല. സത്യനിഷേധികൾ അവരുടെ വിഗ്രഹങ്ങളുടെ സമീപത്ത് വെച്ച് അവയെ ഇടയാളന്മാ രാക്കി പ്രാർത്ഥിച്ചിട്ട് അവർക്കും പലപ്പോഴും ഉത്തരം ലഭിക്കുകയും തൽഫലമായി അവർക്ക് മഴ ലഭിക്കുകയും സഹായം ലഭ്യമാകുകയും രോഗം ശമിക്കുകയുമെല്ലാം ഉണ്ടായിട്ടുണ്ടല്ലോ. മാത്രമ ല്ല, അല്ലാഹു പറയുകയും ചെയ്തിട്ടുണ്ട് ‘‘ഇക്കൂട്ടരേയും അക്കൂട്ടരേയും എല്ലാം തന്നെ (ഇവിടെ വെച്ച്) നാം സഹായിക്കുന്നതാണ്. നിന്റെ രക്ഷിതാവിന്റെ ദാനത്തിൽപെട്ടതത്രെ അത്. നിന്റെ രക്ഷിതാവിന്റെ ദാനം തടഞ്ഞുവെക്കപ്പെടുന്നതല്ല’’ *(ഇസ്റാഅ് 20)*

സുയൂഥിയുടെ മേൽവാചകങ്ങളെല്ലാം അജ്ഞാതമായതോ അഡ്രസ്സില്ലാത്തതോ ആയ കേന്ദ്രങ്ങ ളെക്കുറിച്ചാണ് എന്നുപറഞ്ഞ് സമസ്ത മുസ്‌ലിയാക്കൾക്ക് രക്ഷപ്പെടാൻ സാധ്യമല്ല. കാരണം തുടർന്ന് വരുന്ന പേജുകൾ അഡ്രസുള്ള കേന്ദ്രങ്ങളെ കുറിച്ചാണ്. അല്ലെങ്കിലും കേരളത്തിലും പുറത്തുമൊക്കെ അഡ്രസുള്ളവയെക്കാളേറെ അഡ്രസില്ലാത്ത ജാറങ്ങളാണല്ലോ കൂടുതൽ. അഡ്ര സുള്ളതാവട്ടെ മിക്കവാറും മാനസിക രോഗികളുടേതും.

സുയൂഥി(റ)യുടെ വാചകങ്ങളിലേക്ക് തന്നെ നമുക്ക് മടങ്ങാം അദ്ദേഹം തുടർന്നെഴുതുന്നു.

‘‘ഇത്തരം സ്ഥലങ്ങളിൽ സവിശേഷതയുള്ള സ്ഥലങ്ങളുമുണ്ട്. പ്രവാചകർ, മഹത്തുകൾ തുടങ്ങി യവരുടെ ഖബ്റുകൾ അതിൽ പെട്ടതാണ്. എന്നാൽ സവിശേഷതയുണ്ടെന്നതിനാൽ അവിടെ ആഘോഷ കേന്ദ്രമാക്കാവുന്നതോ അതിന്റെ സമീപം പ്രാർത്ഥനയോ നിസ്ക്കാരമോ മറ്റു ആരാധ നകളോ നിർവ്വഹിക്കപ്പെടാവുന്നതോ അല്ല. നബി(സ) തങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ. ‘‘നിങ്ങളുടെ വീടുകൾ നിങ്ങൾ ഖബ്റുകൾ (പോലെ മൂക) മാക്കരുത്. എന്റെ ഖബ്ർ ആഘോഷ കേന്ദ്രമാക്ക ുകയുമരുത്. നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെയാണെങ്കിലും നിങ്ങ ളുടെ സ്വലാത്ത് എനിക്കെത്തും’’ എന്ന്. അലി(റ)വിന്റെ പേരകുട്ടി അലിയ്യിബ്നു ഹുസൈൻ(റ), ഒരാൾ നബി(സ)യുടെ ഖബ്റിന് സമീപമുള്ള ഒരു വിടവിലൂടെ ഉള്ളിൽ പ്രവേശിച്ച് പ്രാർത്ഥിക്കു ന്നതായി കണ്ടപ്പോൾ അദ്ദേഹത്തെ വിളിച്ച് ഉപദേശിക്കുകയും മുകളിൽ ഉദ്ധരിച്ച ഹദീസ് ഓർമ്മ പ്പെടുത്തുകയും ചെയ്തത് ഇമാം അഹ്മദും മറ്റും ഉദ്ധരിച്ചിട്ടുമുണ്ട്. (ഇമാം അഹ്മദ് ഇബ്നു അബീശൈബ, അബ്ദുറസാഖ് തുടങ്ങിയവരും ഇമാം ബുഖാരി തന്റെ തശീഖിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.)

ശേഷം സുയൂഥി(റ) ഖബ്ർ കെട്ടിഉയർത്തരുതെന്നും അത് ജൂതക്രൈസ്തവ സംസ്കാരമാ ണെന്നും അവർ ശപിക്കപ്പെടാനുള്ള കാരണം അതാണെന്നും വ്യക്തമാക്കപ്പെടുന്ന ഹദീസുകൾ പത്തോളം വഴിക്ക് ഉദ്ധരിക്കപ്പെട്ടത് എടുത്തുദ്ധരിക്കുന്നു. അങ്ങനെ ഖബ്റിനു മീതെ ഉണ്ടാക്ക പ്പെട്ട ആരാധനാലയങ്ങൾ പൊളിച്ചു നീക്കണമെന്നും അവിടെ നമസ്കരിക്കൽ അനുവദനീയമ ല്ലെന്നും നമസ്കരിച്ചാൽ അത് സ്വീകാര്യമല്ലെന്നും അവിടെ വിളക്കും മറ്റും കത്തിക്കുന്നവൻ ശപി ക്കപ്പെട്ടവനാണെന്നും അവിടേക്ക് നേർച്ചയാക്കിയാൽ അത് നിറവേറ്റേണ്ടതില്ലെന്നും ഒക്കെ മുൻഗാമികളായ പണ്ഡിതൻമാരെ ഉദ്ധരിച്ച്കൊണ്ട് വ്യക്തമാക്കുന്നു.

ഖബ്ർസ്ഥാനിൽ നിസ്കരിക്കാൻ പാടില്ലെന്ന് പറഞ്ഞത് അത് നജസ് കലർന്ന സ്ഥലമായിരിക്കാ മെന്ന് ചില പണ്ഡിതൻമാർ അഭിപ്രായപ്പെട്ടതിനെ ബന്ധിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയു ന്നു.

അത് മാത്രമല്ല അതിന്റെ ഉദ്ദേശം. മറിച്ച് ഏറ്റവും വലിയ ഉദ്ദേശം അത് വിഗ്രഹമാക്കപ്പെടുമെന്ന ധാരണ തന്നെയാണ്.'എന്റെ ക്വബ്ർ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കല്ലെ റബ്ബേ' എന്ന് നബി(സ) പ്രാർത്ഥിച്ചതിൽ നിന്ന് തന്നെ ഇത് വ്യക്തമാണ്.

വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ്, ലാത തുടങ്ങിയവരൊക്കെ മഹാൻമാരായിരുന്നു എന്നും അവരുടെയൊക്കെ ക്വബ്റുകളെ ആദരിച്ചതായിരുന്നു അവർ ആരാധ്യൻമാരായി മാറിയതിന്റെ തുടക്കം എന്നും അദ്ദേഹം തുടർന്ന് വ്യക്തമാക്കുന്നുണ്ട്. പിന്നീടുള്ള അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക.

ولهذا تجد أقواما كثيرة من الضالمين يتضرعون عند قبر
الصالحين ويخشون ويتذللون ويعبدونهم بقلوبهم عبادة
لا يفعلونها في بيوت الله المساجد بل ولا في الأسحار
بين يدي الله تعالى ويرجون من الصلاة عندها والدعاء مالا
يرجونه فى المساجد التي تشد اليه الرحال......

''വഴി പിഴച്ചു പോയ ധാരാളം ആളുകൾ സജ്ജനങ്ങളുടെ സമീപത്ത് ഭക്ത്യാദരവുകൾ പ്രകടിപ്പിക്കുകയും അല്ലാഹുവിന്റെ പള്ളികളിലോ പാതിരാസമയങ്ങളിലോ പോലും കാണിക്കാത്ത ആരാധനാകർമ്മങ്ങൾ മാനസികമായി ഇവർക്ക് അർപ്പിക്കുന്നു. അവിടെവെച്ച് പ്രാർത്ഥനയും നമസ്കാരവും നിർവ്വഹിക്കപ്പെടുന്നതിനാൽ വിശുദ്ധമായ മൂന്ന് പള്ളികളിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്നതിനേക്കാൾ ഫലം അവർ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

فأما ان قصد الانسان الصلاة عندها او الدعاء لنفسه
في مهماته وحوائجه متبركا بها راجيا للاجابة عندها فهذا
عين المحادة لله ولرسوله والمخالفة لدينه وشرعه وابتداع
دين لم يأذن به الله ولا رسوله ولا أئمة المسلمين المتبعين
آثاره وسننه فان قصد القبورللدعاء رجاء الاجابة فمنهي
عنه وهو الى التحريم أقرب. والصحابة رضي الله عنهم–
وقد أجدبوا مرات–ودهمتهم نوائب بعد موته ﷺ فهلا
جاؤوا فاستسقوا واستغاثوا عند قبر النبي ﷺ

ഇനി ഒരാൾ തന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാനായി ക്വബ്റിങ്ങലെ ബർകത് പ്രതീക്ഷിച്ച് നിസ്കാരവും പ്രാർത്ഥനയുമൊക്കെ നിർവഹിക്കാനായി ക്വബ്റിനെ സമീപിച്ചാൽ അത് തന്നെയാണ് അല്ലാഹുവോടും റസൂലിനോടും എതിര് പ്രവർത്തിക്കൽ. അല്ലാഹുവിന്റെ മതത്തിന് വിരുദ്ധവും അള്ളാഹുവോ, റസൂലോ, ഇമാമീങ്ങളോ അനുമതി നൽകിയിട്ടില്ലാത്ത പുതിയൊരു ദീൻ ഉണ്ടാക്കലുമാകുന്നു.

ഉത്തരം കിട്ടാനായി പ്രാർത്ഥനക്ക് ക്വബ്റുകളെ സമീപിച്ചാൽ അതും വിലക്കപ്പെട്ടതാണ്. ഹറാമാവാൻ ഏറ്റവും സാധ്യതയുള്ളതുമാണത്. നബി(സ)യുടെ കാല ശേഷം സ്വഹാബികൾക്ക് പലപ്പോഴും ക്ഷാമങ്ങളും വിപത്തുകളും ഉണ്ടായിട്ടും അവരാരുമെന്തേ നബി(സ)യുടെ ക്വബ്റിങ്ങൽ വന്ന് നബിയോട് മഴയെ തേടുകയോ അവിടെ വെച്ച് ഇസ്തിഗാസ ചെയ്യുകയോ ചെയ്തില്ല? മറിച്ച് ഉമർ(റ) അവരെയുമായി മൈതാനിയിൽ ചെന്ന് അബ്ബാസ് (റ)വിന്റെ നേതൃത്വത്തിൽ മഴയെ തേടുകയാണുണ്ടായത്''

അവസാനമായി സുയൂഥി മുസ്‌ലിം സമുദായത്തോട് ഒരുപദേശം കൂടി നൽകി കൊണ്ടാണ് തന്റെ വാക്കുകൾ അവസാനിപ്പിക്കുന്നത്. അതിപ്രകാരമാണ്.

فاقتد أيها المسلم ان كنت عبد الله بسلفك الصالح وتحقق
التوحيد الخالص فلا تعبد الا الله ولا تشرك بربك أحدا
كما امر تعالى بقوله "فاياي فاعبدون" وقال تعالى "فمن كان
يرجو لقاء ربه فليعمل عملا صالحا ولا يشرك بعبادة ربه
أحدا" فلا تعبد الاّ اياه ولا تدع الا هو ولا تستعن الا به فانه
لامانع ولا معطي ولا مضار ولا نافع الا هو سبحانه و تعالى
.لا اله الاهو عليه توكلت واليه أنيب

ഏ മുസ്‌ലിമേ, നീ അല്ലാഹുവിന്റെ അടിമയാണെങ്കിൽ നിന്റെ സച്ചരിതരായ മുൻഗാമികളോട് നീ പിന്തുടരുക. യഥാർത്ഥ തൗഹീദ് നീ കാത്തു സൂക്ഷിക്കുക. അതിനാൽ അല്ലാഹുവിനെ അല്ലാതെ നീ ആരാധിക്കരുത്. അവനിൽ ഒരാളെയും നീ പങ്ക് ചേർക്കരുത്. അല്ലാഹു കൽപ്പിച്ചുവല്ലോ. ''എന്നെ മാത്രം നിങ്ങൾ ആരാധിക്കുവീൻ'' അൻകബൂദ്/65 എന്ന്. അല്ലാഹു പറഞ്ഞുവല്ലോ ''തമ്പുരാനെ കണ്ടുമുട്ടണമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനെ ആരാധിക്കുന്നതിൽ ഒരാളെയും പങ്ക് ചേർക്കാതിരിക്കുകയും ചെയ്യട്ടെ *(അൽകഹ്ഫ്-110)* എന്ന്. അതിനാൽ നീ അവനെയെല്ലാതെ ആരാധിക്കരുത് അവനോടെല്ലാതെ പ്രാർത്ഥിക്കരുത് അവനോടെല്ലാതെ സഹായമർത്ഥിക്കരുത്. നൽകാനും തടയാനും ഉപകാരോപദ്രവങ്ങൾ ചെയ്യാനും അവനല്ലാതെയാരുമില്ല''. *(അൽ അംറു ബിൻ ഇത്തിബാഅ്-36-47)*

റബീഉൽ അവ്വൽ മാസം പന്ത്രണ്ടിന് ഒരാൾ പ്രത്യേകമായ ക്വുർആൻ പാരായണം നടത്തിയാൽ അത് ബിദ്അതാണെങ്കിലും കൂലി കിട്ടുന്ന നല്ല ബിദ്അതാണ് എന്ന് ഒരു പ്രയോഗം സയൂഥി(റ) നടത്തിയപ്പോഴേക്ക് കിട്ടിപ്പോയി നബിദിനത്തിന് തെളിവ് എന്ന് കരുതി സയൂതി(റ)യെ തങ്ങളുടെ ഇമാമായി കൊണ്ടുനടക്കുന്ന മുസ്ല്യാക്കളേ, ആ ഇമാമിന്റെ ഈ അധ്യാപനങ്ങളെങ്കിലും നിങ്ങളൊന്ന് മുഖവിലക്കെടുത്തിരുന്നുവെങ്കിൽ!!